**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 206** — **28.05.2019 ൽ മറുപടിക്ക്**

**ഐ.ജി. യുടെ ഔദ്യോഗിക വാഹന ദുരുപയോഗം**

| ചോദ്യം | മറുപടി |
|---|---|
| ഡോ. എം.കെ. മുനീർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ മത്സരിച്ച ബി.ജെ.പി സ്ഥാനാർത്ഥിയുടെ വസതിക്ക് മുന്നിൽ വച്ച നടന്ന സ്വകാര്യ ചടങ്ങിൽ പയ്യന്നൂർ മഠത്തിലെ കൃഷ്ണാനന്ദ സ്വാമിയ്ക്ക് എത്തിച്ചേരുന്നതിന് സർക്കാരിന്റെ ഔദ്യോഗിക വാഹനം ഉപയോഗിക്കുന്നതിനായി സ്വാമിയോ ഏതെങ്കിലും പോലീസ് ഓഫീസർമാരോ സർക്കാരിന് അപേക്ഷ നൽകിയിരുന്നോ;

എ) ഇല്ല.

ബി) സ്വാമി ഐ.ജി. യുടെ വാഹനത്തിൽ പരിപാടിയിൽ പങ്കെടുക്കാനെത്തിയത് സംബന്ധിച്ച് സർക്കാരിന് അറിവുണ്ടോ; ഇല്ലെങ്കിൽ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതേക്കുറിച്ച് അന്വേഷിച്ചിരുന്നോ;

ബി) ഇത് സംബന്ധിച്ച് റിപ്പോർട്ടുകളൊന്നും ലഭ്യമായിട്ടില്ല.

സി) പ്രസ്തുത പരിപാടിയ്ക്ക് ടിയാന്റെ ഔദ്യോഗിക വാഹനത്തിൽ തന്നെ സ്വാമിയെ എത്തിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും ഫോൺസന്ദേശം ഉണ്ടായിരുന്നതായ റിപ്പോർട്ടുകൾ അന്വേഷിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യം അന്വേഷണപരിധിയിൽ നിന്നൊഴിവാക്കിയതെന്തുകൊണ്ട് എന്നറിയിക്കാമോ ;

സി) കേന്ദ്ര സർക്കാരിൽ നിന്നും അത്തരത്തിൽ ഒരു ഫോൺസന്ദേശം പോലീസ് ആസ്ഥാനത്ത് ലഭിച്ചിട്ടില്ല.

| | | | |
|---|---|---|---|
| ഡി) | ഈ ഉദ്യോഗസ്ഥൻ മുമ്പും ഇതേ രീതിയിൽ വാഹനം ഉൾപ്പടെയുള്ള പദവി പ്രസ്തുത രാഷ്ട്രീയകക്ഷിയ്ക്കായി ദുരുപയോഗം നടത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; | ഡി) | ഐ.ജി യോടുള്ള വ്യക്തിപരമായ പരിചയത്തിന്റെ പേരിലാണ് ടി സ്വാമി ഐ.ജി യെ സന്ദർശിച്ചത്. കണ്ണൂർ സ്വദേശിയായ സ്വാമി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിലേക്ക് എത്തിച്ചേരുന്നതിനുള്ള വാഹന സൗകര്യസഹായം ഐ.ജി യോട് അഭ്യർത്ഥിച്ചതിനെ തുടർന്നാണ് ഐ.ജിയുടെ ഔദ്യോഗിക വാഹനത്തിൽ ടിയാനെ റെയിൽവേ സ്റ്റേഷനിലേക്ക് എത്തിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുത്തത്.<br>സർക്കാർ ഉദ്യോഗസ്ഥർ വ്യക്തിപരമായ ആവശ്യങ്ങൾക്ക് ഔദ്യോഗിക വാഹനങ്ങളോ, സർക്കാർ വാഹനങ്ങളോ ഉപയോഗിക്കുന്നതിന് സർക്കാർ നിശ്ചിത നിരക്കുകൾ നിജപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിൽ സർക്കാർ നിശ്ചയിച്ച തുക ട്രഷറിയിൽ ഒടുക്കിയാണ് ഐ.ജി ഔദ്യോഗിക വാഹനത്തിൽ സ്വാമിയെ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചത്. |
| ഇ) | സ്വാമിയ്ക്ക് പ്രായാധിക്യമുള്ളതുകൊണ്ടാണ് ഔദ്യോഗിക വാഹനം ഉപയോഗിച്ചതെന്ന മറുപടി പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്ന് ലഭ്യമായിട്ടുണ്ടോ; എങ്കിൽ തന്നെക്കാണാൻ വരുന്ന പ്രായാധിക്യമുള്ള മറ്റുള്ളവരെയും അവരവരുടെ സ്ഥലത്ത് കൊണ്ടുചെന്നാക്കുന്നതിന് ടിയാൻ ഔദ്യോഗിക വാഹനം വിട്ട് നൽകാറുണ്ടായിരുന്നോ; എങ്കിൽ അത് സംബന്ധിച്ച് വ്യക്തമായ തെളിവുകൾ ലഭ്യമായിരുന്നോ; | ഇ) | ഇല്ല. |
| എഫ്) | പോലീസ് വകുപ്പിലെ ഉന്നതരായവർ അവരവരുടെ രാഷ്ട്രീയ ഇച്ഛയ്ക്ക് ഇത്തരം ഔദ്യോഗിക വാഹനവും പദവികളും | എഫ്) | വാഹനം ദുരുപയോഗം ചെയ്തിട്ടില്ല. |

ദുരുപയോഗം ചെയ്യുന്നത് ശരിയായ നടപടിയാണോയെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ നാളിതുവരെ എല്ലാ രീതിയിലും സ്വീകരിച്ച നടപടികൾ തീയതി സഹിതം അറിയിക്കുമോ;

| | | | |
|---|---|---|---|
| ജി) | ഇക്കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ടി വാഹനവും ഔദ്യോഗിക പദവിയും ബി.ജെ.പി സ്ഥാനാർത്ഥിക്ക് വേണ്ടി ദുർവിനിയോഗം നടത്തിയത് അന്വേഷണ പരിധിയിൽ പെടുത്തുമോ ;അന്വേഷണ റിപ്പോർട്ടിന്റെ സമയപരിധി നിഷ് ക്കർഷിച്ച് നിർദ്ദേശം നല്കുമോ? | ജി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ